# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

നമ്പർ.291/ആർ 1/2021/കെ.ഡി.ആർ.ബി തിരുവനന്തപുരം
06.07.2021

## <u>അറിയിപ്പ്</u>

ഗുരുവായൂർ ദേവസ്വം ബോർഡിലെ റിലിജിയസ് പ്രൊപ്പഗൻഡിസ്റ്റ് തസ്തികയിലേയ്ക്ക് നിയമനാധികാരി എഴുതി അറിയിച്ച ഒഴിവിന്റെ അടിസ്ഥാനത്തിൽ 29.01.2020 ലെ വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ഈ തസ്തികയുടെ ഇന്റർവ്യൂ ജൂലൈ മാസം 13 മുതൽ 16 വരെയുള്ള തീയതികളിൽ നടത്തുവാൻ തീരുമാനിക്കുകയും ഇതു സംബന്ധിച്ച അറിയിപ്പുകൾ എല്ലാവർക്കും നൽകുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ ഗുരുവായൂർ ദേവസ്വത്തിൽ റിലിജിയസ് പ്രൊപ്പഗൻഡിസ്റ്റ് തസ്തിക ആവശ്യമില്ലാത്തതിനാൽ ആയത് നിർത്തലാക്കുകയാണെന്നും ഇതിന്റെ റിക്രൂട്ട്മെന്റ് നടപടികൾ റദ്ദാക്കണമെന്നും ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനോട് ആവശ്യപ്പെട്ടു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിയമനാധികാരിയായ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിക്ക് ഈ തസ്തിക ആവശ്യമില്ലെന്നും നടപടികൾ റദ്ദ് ചെയ്യണമെന്നും അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ തസ്തികയിലേയ്ക്ക് ജൂലൈ മാസം 13-ാം തീയതി മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ അടക്കമുള്ള തെരഞ്ഞെടുപ്പ് നടപടികൾ റദ്ദ് ചെയ്യുവാൻ തീരുമാനിച്ചു.

ഗുരുവായൂർ ദേവസ്വം ബോർഡിലെ റിലിജിയസ് പ്രൊപ്പഗൻഡിസ്റ്റ് തസ്തികയിലേയ്ക്ക് 29.01.2020 ൽ കാറ്റഗറി നമ്പർ 19/2020 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം റദ്ദ് ചെയ്തിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ഈ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷാ ഫീസ് തിരികെ നൽകുന്നതിനായി അവരുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ബ്രാഞ്ചിന്റെ പേര്, IFS Code ഇവ സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ആയുർവേദ കോളേജിനു സമീപം, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചു നൽകേണ്ടതാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്